I/88050/2023

"ഭരണഭാഷ-മാതൃഭാഷ"

No. DWCD/3192/2022-ICDSB3

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 23-03-2023
E-Mail:directorate.wcd@kerala.gov.in
E-Mail: icdsbsection@gmail.com
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ ജില്ലാ വനിത ശിശു വികസന ഓഫീസർമാർക്കും
എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- ഐ.സി.ഡി.എസ് - അനുപൂരക പോഷകാഹാര പദ്ധതി – 2022-23 –തുക വിനിയോഗിക്കുന്നത്- സംബന്ധിച്ച്:-

സൂചന:- വനിത ശിശു വികസന ഡയറക്ടറുടെ 27.01.2023, 15.03.2023 തീയതികളിലെ ഇതേ നമ്പർ ഉത്തരവുകൾ.

കേന്ദ്രാവിഷ്കൃത പദ്ധതികൾ എല്ലാം PFMS മുഖാന്തരം ഫണ്ട് വിതരണം നടത്തണമെന്ന കേന്ദ്ര നിർദ്ദേശത്തെ തുടർന്ന് 2022 വർഷം മുതൽ അനുപൂരക പോഷകാഹാര പദ്ധതി SNA അക്കൗണ്ട് വഴിയാണ് ഫണ്ട് വിതരണം നടത്തി വരുന്നത്. ഒന്നാം ഗഡു അനുവദിച്ചതിൽ കേന്ദ്രവിഹിതം എന്ന് രേഖപ്പെടുത്തിയിരുന്നതിനാൽ രണ്ടാം ഗഡു അനുവദിച്ചതും കേന്ദ്ര വിഹിതം മാത്രമാണോ എന്ന് നിരവധി ശിശു വികസന പദ്ധതി ഓഫീസർമാർ ഫോൺ മുഖാന്തിരം അന്വേഷിച്ചിരുന്നു. അനുപൂരക പോഷകാഹാര പദ്ധതി 50:50 അനുപാതത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ ഫണ്ട് വഹിക്കുന്നതിനാൽ തന്നെ SNA അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന തുക 50:50 അനുപാതത്തിലാണ് വിലയിരുത്തപ്പെടുന്നത്. ആയതിനാൽ സൂചന ഉത്തരവുകൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച ഒന്നാം ഗഡു, രണ്ടാം ഗഡു ഫണ്ടുകൾ കേന്ദ്ര, സംസ്ഥാന വിഹിതമായ 50:50 അനുപാതത്തിലാണ് അനുവദിച്ചിട്ടുള്ളത്

വിശ്വസ്തതയോടെ,

വനിത ശിശുവികസന ഡയറക്ടർ

**Signed by Priyanka G**
**Date: 23-03-2023 02:52:10**